SUNDAY 07/09/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/08/2025

1. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. 'നാരിയൽ കാ മൂല്യവർദ്ധൻ' (**Value Addition of Coconut**) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ സി ഇ ഒ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ സെപ്റ്റംബർ 12 ◌ാ◌ം തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484-2377266 (Extn- 145/121) എന്ന നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. പാടശേഖരങ്ങളിൽ കീടബാധ വർധിക്കുന്നതിനാൽ നെൽകർഷകർ ജാഗ്രത പാലിക്കണമെന്ന് **ആലപ്പുഴ കീടനിരീക്ഷണ കേന്ദ്രം** അറിയിച്ചു. തകഴി, കൈനകരി, കരുവാറ്റ കൃഷിഭവനുകളുടെ പരിധിയിലുള്ള വിത കഴിഞ്ഞ് 40 ദിവസത്തിന് മുകളിലായ ചില പാടശേഖരങ്ങളിൽ വെള്ള മുഞ്ഞയുടെ സാന്നിധ്യവും നെടുമുടി, കരുവാറ്റ, തകഴി, പുന്നപ്ര വടക്ക് കൃഷിഭവനുകളുടെ പരിധിയിലുള്ള വിത കഴിഞ്ഞ് 35 ദിവസത്തിന് മുകളിൽ പ്രായമായ പാടശേഖരങ്ങളിൽ തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ സാന്നിധ്യവും തിരിച്ചറിഞ്ഞത്. കർഷകർ ഇക്കാര്യങ്ങൾ അടിയന്തരമായി ശ്രദ്ധിക്കണം. വെള്ള മുഞ്ഞയ്ക്കെതിരെ ഇപ്പോൾ കീടനാശിനി പ്രയോഗം ആവശ്യമില്ല. തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയ്ക്കെതിരെ ആവശ്യമുള്ള പക്ഷം തരി രൂപത്തിലുള്ള കീടനാശിനികൾ വളത്തിനൊപ്പം ചേർത്ത് പ്രയോഗിക്കുന്നതാണ് മരുന്ന് തളിയേക്കാൾ അഭികാമ്യം. മഴ മാറി നിൽക്കുന്ന സാഹചര്യത്തിൽ വെള്ള മുഞ്ഞയുടെ പിറകേ തവിട്ട് മുഞ്ഞയുടെ ആക്രമണം സാധാരണയായി ഉണ്ടാകാറുണ്ട്. അനാവശ്യമായി കീടനാശിനി പ്രയോഗം നടത്തുന്നതാണ് മുഞ്ഞബാധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂക്ഷമാകാനുള്ള മുഖ്യ കാരണം. അതിനാൽ കർഷകർ ഇതര കീടങ്ങൾക്കെതിരെ സാങ്കേതിക ഉപദേശ പ്രകാരമല്ലാതെ ഒരു കാരണവശാലും കീടനാശിനി പ്രയോഗം നടത്താൻ പാടുള്ളതല്ല. അന്വേഷണങ്ങൾക്ക് ചുവടെ ചേർക്കുന്ന നമ്പറുകളിൽ അവധി ദിവസങ്ങളിലും ബന്ധപ്പെടാവുന്നതാണ്. ചമ്പക്കുളം, പുളിങ്കുന്ന്-9567819958. നെടുമുടി-8547865338. കൈനകരി-9961392082 തകഴി, നീലംപേരൂർ 25-9633815621. ആലപ്പുഴ-7034342115, കരുവാറ്റ-8281032167, പുന്നപ്ര -9074306585, അമ്പലപ്പുഴ-9747731783, പുറക്കാട്-9747962127.

3. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ലക്ഷ്യമാക്കി പശു തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കമ്പോസ്റ്റ് സംവിധാനം, സോക്ക് പിറ്റ്, കിണർ റീചാർജ്, അസോള ടാങ്ക്, തീറ്റപ്പുൽകൃഷി, കുളം നിർമ്മാണം എന്നീ ആനുകൂല്യങ്ങൾക്കായി അപേക്ഷ ക്ഷണിച്ചു. പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ, സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ, അംഗപരിമിതർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ, പിഎംഎവൈ, ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾ, ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടവർ എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷ അക്ഷയ

കേന്ദ്രങ്ങൾ വഴിയോ അതത് ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലോ സമർപ്പിക്കാമെന്ന് ഇലഞ്ഞൂർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

4. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs)/ വ്യക്തികളിൽ (Individuals) നിന്നും പശു വളർത്തൽ, ആട് വളർത്തൽ, 'ഉശിനില' മിനി കഫേ (വനിതാ കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs) നിന്ന് മാത്രം) എന്നീ വായ്പാ പദ്ധതികൾക്ക് സംരംഭകത്വ നൈപുണ്യ വികസന പദ്ധതി (2025-26) യുടെ കീഴിൽ മൂലധന സബ്സിഡി ധനസഹായം നൽകുന്നു. അപേക്ഷകൾ ഇന്ന് മുതൽ സമർപ്പിക്കാം. അപേക്ഷാ ഫോമിനും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്കുമായി www.kswcfc.org സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30.

5. റബ്ബർതോട്ടങ്ങളിൽ 2025-ൽ റെയിൻഗാർഡ് ചെയ്യുന്നതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

**കാർഷിക മൃഗസംരക്ഷണ നിർദേശം**

തക്കാളിയിലെ ബാക്ടീരിയൽ വാട്ടം തടയാൻ വിത്ത് സംസ്കരണം, തൈകൾ മുക്കിവയ്ക്കൽ, സ്യൂഡോമോണസ് ഫ്ലൂറസെൻസ് (20 ഗ്രാം / ലീറ്റർ വെള്ളം) ഉപയോഗിച്ച് മണ്ണ് കുതിർക്കുകയും ചെയ്യുന്നതും ഫലപ്രദമാണ്.

കോഴിക്കൂടുകളിലെ ബെഡ്ഡിങ് ഇടയ്ക്കിടെ ഇളക്കി കൊടുക്കുക. ശരിയായ വായു സഞ്ചാരം നൽകിക്കൊണ്ട് ഉയർന്ന ഈർപ്പം കുറയ്ക്കുക.